മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കുടിയ്ക്കുവാൻ വെള്ളം കിട്ടണമെന്നു് അതുപാവശ്യക്കാർ റിപ്പോർട്ടു് ചെയ്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—റിപ്പോർട്ടു് വന്നതായി ഓർമ്മയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കിണർ കുത്തിയാലെ കുടിയ്ക്കാൻ വെള്ളമുള്ളുവെന്നുവന്നാൽ ചെയ്തുകൊടുക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ.—അതു് ഖഡ്ഡറിൽ സാങ്ഷനാകണം. അല്ലാത്തപക്ഷം വേറെ ഇനത്തിൽനിന്നും പണമുണ്ടാകണം.

Action in respect of ill-treatment of a Pulaya in Kadamakudi.

155. മിസ്റ്റർ കെ. പി. വള്ളോൻ.—കണയന്നൂർ താലൂക്കു് കടമക്കുടി നിവാസികളായ പുലയരെ ഉപദ്രവിച്ചു മുഷ്ണന്മാരുടെ മേൽ ഗവർമ്മെണ്ടു് എന്തു നടപടി നടത്തീട്ടുണ്ടു്; അതിന്റെ തെളിവെന്തു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—പ്രോട്ടോ വ്യക്തമായിട്ടില്ല. ഫ്രാ വുകന്നി ഫ്രാൻസു കൊച്ചുപൈലൊ, പൈലൊ, ആഗസ്തി എന്നിവർ കൂടി തങ്ങളെ അടിച്ചും ഇടിച്ചും ദേഹോപദ്രവം ഏല്പിച്ചു എന്നു കാണിച്ചു കടമക്കുടി ദേശത്തു് ഒടിവട്ടത്തു് കണ്ടനും, മടത്തിപടിഞ്ഞാറെ നടുത്തിൽ തിരുമഞ്ചനും കൂടി ഫ്രാ വുകന്നി ഫ്രാൻസുയിൽ ഒരു ഹർജി ഞാറക്കൽ പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയിട്ടുണ്ടു്. അതു് ഇൻസ്പെക്ടർ മിസ്റ്റർ രാഘവനും, അഞ്ചിക്കയ്മൾ ഡി. എസ്സ്. പി.യും അന്വേഷിച്ചു. ഹർജി സംഗതികം മുഴുവനും നേരല്ലെന്നും, കണ്ടനെ ആരും ദേഹോപദ്രവം ഏല്പിക്കയുണ്ടായിട്ടില്ലെന്നും, തിരുമഞ്ചൻ കൊച്ചുപൈലോവിനെ വളരെ അസഭ്യവാക്കുകൾ പറഞ്ഞപ്പോൾ, പൈലൊ ആഗസ്തിയാനെ അടിച്ചു എന്നും അന്വേഷണത്തിൽ വെളിവായി. പോലീസു് ആഗസ്തിയെ താക്കീതു ചെയ്കയും ചെയ്തു. ഇതല്ലാതെ കടമക്കുടി നിവാസികളായ പുലയരെ ഉപദ്രവിച്ചതായി വിവരം ഒന്നും ഇല്ല.

മിസ്റ്റർ. എ. ഈച്ചരമേനോൻ.—അടിച്ചുവെന്നു തെളിഞ്ഞാൽ താക്കീതുചെയ്താൽ മതിയോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അടിയ്ക്കുന്നതിനു മുമ്പെ താക്കീതു ചെയ്യത്തക്കയാതൊന്നും ഉണ്ടായിരുന്നില്ല.

മിസ്റ്റർ ജാജ്ജ് ചാക്കാമുറി.—അങ്ങിനെയിരിയ്ക്കട്ടെ, എന്നു നിശ്ചയിച്ചു താക്കീതു ചെയ്തതാണോ; ഏതു തരത്തിലുള്ള താക്കീതാണു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ—ഇനി അനാവശ്യമായി വല്ല ലഹളയും ഉണ്ടാക്കിയാൽ ശിക്ഷിയ്ക്കുമെന്നു കരുതിയാണു് താക്കീതു ചെയ്തിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കക്ഷികളും ആരാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നീലകണ്ഠമേനോൻ—അനേഷണം നടത്തി കക്ഷിയെ താക്കീതു ചെയ്തിരിക്കുന്നുവെന്നു് അനേഷണം നടത്തിയ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടു്.

മിസ്റ്റർ ജോജ്ജു് ചാക്കാമുറി.—കക്ഷിയെ താക്കീതു ചെയ്തതു പോലീസ് സ്റ്റേഷനിലേയ്ക്കു് അയാളെ വരുത്തിയോ, അതോ അയാളുടെ താമസസ്ഥലത്തു ചെന്നിട്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അറിഞ്ഞുകൂടാ. അതിനെപ്പറ്റി അനേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ ജോജ്ജു് ചാക്കാമുറി.—ഈ അനേഷണം ശരിയാണോ എന്നു് കമ്മീഷണർ അവർകൾ നേരിട്ടു് അനേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ—കമ്മീഷണർ അവർകൾ ഈ മാതിരി ഹർജ്ജികളുടെ മേലനേഷണം നടത്താറുണ്ടോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഹർജ്ജി അനുസരിച്ചാണു് അനേഷണം നടത്തിയിട്ടുള്ളതു്. അതിന്റെ മേലനേഷണം ചെയ്യാറില്ല.

മിസ്റ്റർ ജോജ്ജു് ചാക്കാമുറി.—എല്ലാസംഗതികളും ഇതുപോലെ നേരിട്ടനേഷിയ്ക്കാതെയാണോ ഇരിയ്ക്കുന്നതു്?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ചിലതെല്ലാം അനേഷിയ്ക്കുന്നുണ്ടു്. ഇതിനെപ്പറ്റി അനേഷിച്ചിട്ടില്ല.

മിസ്റ്റർ ജോജ്ജു് ചാക്കാമുറി.—മേലാലെങ്കിലും ചിലതെല്ലാം അനേഷിയ്ക്കാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അനേഷിയ്ക്കാൻ നോക്കാം.

മിസ്റ്റർ കെ. അയ്യപ്പൻ.—അധഃകൃതരെ അടിച്ചവരെ താക്കീതുചെയ്യുന്നമാതിരി ആരെ അടിച്ചാലും താക്കീതു ചെയ്യുമോ?

President.—It is not a supplementary question.

Action in respect of ill-treatment of a Depressed Class boy in Trichur.

156. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂർ സി. രാമൻ എന്ന അധഃകൃത കുട്ടിയെ ടെണലിൽവെച്ചു ചാണകംകൊണ്ടു് എറിയുകയും അടിക്കുകയും ചെയ്തതിനു് ടി മുഷ്കന്റെ പേരിൽ എന്തു നടപടി നടത്തി?

രാമവാര്യർ.—പോലീസ് അനേഷണംനടത്തി കക്ഷിയെ താക്കീതു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സ്കൂളിൽ പോകുന്ന ഒരു കുട്ടിയെ ചാണകം കൊണ്ടു് എറിഞ്ഞതു മനഃപൂർവ്വമാണെന്നു് ഗവ

LIBRARY ARCHIVES Kerala Legislative Assembly